ISSN 0974-1984
LCCN 2013-318190
MLA Index Number 11354

# മലയാളം റിസേർച്ച് ജേണൽ
# MALAYALAM RESEARCH JOURNAL



U.G.C.-CARE listed, Peer-reviewed Journal
Volume 16 ● Issue 2 ● May-August 2023

46

*Malayalam Research Journal*
UGC-CARE listed
ISSN-0974 1984
RNI No.KERBIL2008/24527
MLA Index Number 11354
LCCN 2013 318190
Registered Journal for DOI
Peer-reviewed Journal
Vol. 16 Issue 2 May-August 2023
© On Design, Lay-out and Published materials:
*Malayalam Research Journal*

# ഉള്ളടക്കം/ Contents

| | | |
|---|---|---|
| Literature Research | 6123 | K.M. Krishnan |
| Questioning the Monopoly of Non-disabled Performers in Disabled Roles: A Critical Reading of *The Peanut Butter Falcon and Thirike* | 6132 | Miby Miriam Jacob |
| മലയാളഭാഷാവ്യാകരണവും ചില വ്യാകരണവിചാരങ്ങളും | 6141 | ഷെല്ലി എം.ആർ. |
| ആഗമങ്ങളും തന്ത്രശാസ്ത്രവും | 6150 | അഖിൽ വിശ്വം |
| Importance Of Media On Attaining Sustainable Development Goals In 21st Century | 6159 | Mariya George |
| 'സ്ത്രീസ്വത്വാവിഷ്കാരം എം. മുകുന്ദന്റെ ആധുനികാനന്തരനോവലുകളിൽ' | 6167 | മേരി എം. എബ്രഹാം |
| ശബ്ദാർഥങ്ങളുടെ സ്പർധയും സഹിതത്വവും സംസ്കൃതകാവ്യ സിദ്ധാന്തങ്ങളിലെ ചില സങ്കൽപ്പനങ്ങൾ | 6179 | നൗഷാദ് എസ്. |
| റാഡിക്കൽ ഗ്രൂപ്പ്: 'രാഷ്ട്രീയ-കലാ-കൂട്ടായ്മ'യും ആധുനിക കലാകർത്തൃത്വവും | 6192 | ബിപിൻ ബാലചന്ദ്രൻ |
| ഫിലിം സൊസൈറ്റി പ്രസ്ഥാനം കേരളത്തിൽ: ചരിത്രവും രാഷ്ട്രീയവും | 6211 | അനൂപ് കെ.ആർ. |
| Globalizing Local Space and Knowledge: A Study on Hortus Malabaricus | 6242 | Minu Elizabeth George |

**K.M. Krishnan**

# Literature Research


**Abstract**

The paper argues that the most important aspects of research in literature and allied areas are, choice of the topic, clear definition of the topic, collection of relevant data, analysis of the data, inferences drawn from them and concluding remarks. All arguments should be illustrated with evidence. This can be in the form of quotes, figures and tables. At every point in the draft, the author has to be clear about his/her position vis-a-vis the topic, the argument and the view point. Consistency and clarity are the hallmark of a well-written research paper.



**Keywords**

Methodology, theoretical frame work, knowledge, data collection, reading, writing

**Miby Miriam Jacob**

# Questioning the Monopoly of Non-disabled Performers in Disabled Roles:
# A Critical Reading of *The Peanut Butter Falcon* and *Thirike*

**Abstract**

There is a long history of non-disabled actors portraying disabled roles in popular cinema. Disability is often underrepresented in media, and even when disabled actors are given disabled roles, they are shown in a way that reaffirms stereotypes. This further underlines the marginalisation they face in their everyday lives. The art of 'cripping up' is still common, and accurate representations of disabilities are so rare that it is worth celebrating when disabled artists play disabled roles. Tyler Nilson's and Michael Schwartz's English movie *The Peanut Butter Falcon* (2019) and George Kora's and Sam Xavier's Malayalam movie *Thirike* (2021) challenge the stigma that has been reinforced for centuries in the film industry, by casting actors with Down syndrome. For the entertainment industry that has been witnessing non-disabled people reigning over disabled roles, *The Peanut Butter Falcon* and *Thirike* are revolutionary steps-probably two of the very few films to feature persons with Down syndrome in lead roles. This paper attempts to question the monopoly of non-disabled actors in disabled roles, using tools from Disability Studies. The study also tries to throw light upon the fact that disabled communities in general are denied their right to self-representation, when a disabled role is played by a non-disabled actor.

**Keywords**

Disability, body, film, commodity, ableism, representation, identity

ഷെല്ലി എം.ആർ.

# മലയാളഭാഷാവ്യാകരണവും ചില വ്യാകരണവിചാരങ്ങളും


**സംഗ്രഹം**

മലയാളവ്യാകരണചരിത്രത്തിൽ അദ്വിതീയമായ സ്ഥാനമാണു ഹെർമൻ ഗുണ്ടർട്ടിനുള്ളത്. പ്രാചീന ഗ്രന്ഥങ്ങളിലൂടെയും രേഖകളിലൂടെയും അദ്ദേഹം നടത്തിയ നിഷ്കർഷാപൂർണമായ അന്വേഷണമാണ് *മലയാളഭാഷാവ്യാകരണ*ത്തിന്റെ പിറവിക്കു പിന്നിൽ. മലയാളവ്യാകരണരംഗത്തെ അപ്രതിമപ്രഭാവനായ എ.ആർ. രാജരാജവർമയ്ക്കുപോലും പല അംശങ്ങളിലും ഗുണ്ടർട്ട് ഉപജീവ്യനായിട്ടുണ്ട്. *കേരളപാണിനീയ*ത്തിന്റെ ആമുഖത്തിൽത്തന്നെ എ.ആർ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. *മലയാളഭാഷാവ്യാകരണ*ത്തിലെ മൗലികനിരീക്ഷണങ്ങൾ ഏതെല്ലാം? ഈ കൃതി *കേരളപാണിനീയ*രചനയ്ക്കു പ്രേരകമായതെങ്ങനെ? *കേരളപാണിനീയ*ത്തിലെ ഏതേതു മേഖലകളെ *മലയാളഭാഷാവ്യാകരണം* എങ്ങനെയെല്ലാം സ്വാധീനിച്ചു? ഈ ചോദ്യങ്ങൾ മുൻനിർത്തിയാണ് ഈ പ്രബന്ധം തയ്യാറാക്കിയിരിക്കുന്നത്.



**താക്കോൽവാക്കുകൾ**

ഉപാദാനസാമഗ്രികൾ, ഭാഷോൽപ്പത്തിവാദം, സന്ധി, ലിംഗം, വചനം, വിഭക്തി


## Grammatical Thoughts On *Malayala Bhasha Vyakaranam* And *Kerala Paniniyam*


## Abstract

Dr Hermann Gundert has a notable position in the history of Malayalam grammar. It must be remembered  that Gundert, as a man, who came from a completely foreign back ground got in to grammar writing only after acquiring sufficient knowledge in Malayalam language. His research journey through ancient Malayalam texts was the real reason behind the birth of 'Malayala Bhasha Vyakaranam'. ,'Kerala Paniniyam' written by A.R Rajaraja Varma,now, is considered as the authentic grammar text in Malayalam. Here ,the article is going to discuss how  the eminent work 'Malayala Bhasha Vyakaranm' influenced A.R Rajaraja Varma  for giving birth to 'Kerala Paniniyam'. This study is based on my Ph.D thesis,'kerala Paniniyavum  Gundertinte Malayala Bhasha Vyakarana Granthavum- Oru Tharathamya Padanam' (Kerala University 2011).



## Keywords

Source materials, Theory on the origin of language, 'Sandhi' conjunction Gender, Number, Case

അഖിൽ വിശ്വം

# ആഗമങ്ങളും തന്ത്രശാസ്ത്രവും

**സംഗ്രഹം**

ഇൻഡ്യയിലെ ഒട്ടനവധി ക്ഷേത്രങ്ങളിലെ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ഒരു നിയാമക ഗ്രന്ഥമാണ് *തന്ത്രശാസ്ത്രം*. അതിന്റെ ശാസ്ത്രീയതയും ഉൽപ്പത്തിയും എവിടെയെന്ന് ചിന്തിക്കുകയും വേദങ്ങളുടെ അനുഷ്ഠാനങ്ങളായി രൂപംകൊണ്ട ആഗമശാസ്ത്രങ്ങളിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നതാണ്, ഈ പഠനം. ആഗമങ്ങളെയും തന്ത്രശാസ്ത്രങ്ങളെയുംകുറിച്ചുള്ള സാമാന്യമായ ഈ പഠനത്തിൽ തന്ത്രശാസ്ത്രഗ്രന്ഥങ്ങളുടെ ഒരു ചെറിയ പട്ടികയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**താക്കോൽവാക്കുകൾ**

വേദങ്ങൾ, ആഗമങ്ങൾ, തന്ത്രശാസ്ത്രം, കർമങ്ങൾ, ക്ഷേത്രം, ബിംബം, ചൈതന്യം

## Agama and Tantra Sasthras

## Abstract

Thanthrasasthra is a fundamental text for the custom and rituals in several Indian temples and tradition. This is a study which envelopes the origin of those rituals as well as it leads to the constructive Agamasasthra of epistemology. This study of Agama provides a short list of textbooks in Thanthrasasthra.

## Keywords

Veda, Agama, Thanthrasasthra, karma, Kshetra, Bimba, bliss

**Mariya George**

# Importance of Media on Attaining Sustainable Development Goals in 21st Century

**Abstract**

Sustainability is mostly perceived as the combination of environmental, social and economic performance; while still remain difficulties in defining sustainable economic development. The concept of sustainable development has become a widely recognized goal for human society of the 21st century. The Sustainable Development Goals (SDGs) are a collection of 17 interlinked global goals to transform our world. They were designed to be a "blueprint to achieve a better and more sustainable future for all" and part of the United Nations 2030 Agenda for Sustainable Development. They were agreed by 193 countries in September 2015.

Media plays a major role in changing mind-sets, it has the power to change perception and can be utilized negatively, and so, media needs to be transparent as much as possible to attain sustainability. UNESCO came up with seventeen sustainable developments throughout the world and the media is the biggest source to deliver the information amongst this generation and also developing the fastest media path for the future. A media can develop a nation and they can also destroy it. Media can create the necessary environment to restore peace through proper management. Sometimes society changes but not all the fundamentals of it which is the basic rights to speak, think and write. Social media is one of the strongest platforms for addressing sustainability issues in an open forum. This article will highlight key issues on which Media is active in enlightening people, government & corporate to work collectively for attaining Sustainable Development Goals (SDG)s in the 21st century.

**Keywords**

Media, Sustainable development goals, social media, Sustainability

മേരി എം. എബ്രഹാം

# 'സ്ത്രീസ്വത്വാവിഷ്കാരം എം. മുകുന്ദന്റെ ആധുനികാനന്തരനോവലുകളിൽ'

**സംഗ്രഹം**

ആധുനിക നോവലിസ്റ്റുകളിൽ നിരന്തരപരിണാമത്തിന് വിധേയനായ എഴുത്തുകാരനാണ് എം. മുകുന്ദൻ. ആധുനികതയിൽനിന്ന് ആധുനികാന്തരതയിലേക്ക് ചുവടുമാറ്റിയ മുകുന്ദൻ പ്രമേയതലത്തിലും ആവിഷ്കാരത്തിലും പുതുമകൾ ഉൾക്കൊണ്ട് സ്വയം നവീകരണത്തിനു ശ്രമിച്ചു. ആധുനിക നോവലുകളിൽ സ്ത്രീസ്വത്വത്തെ പൂർണമായും അവഗണിച്ചുകൊണ്ട് സ്വത്വാന്വേഷണം നടത്തുന്ന നായക കഥാപാത്രങ്ങളെ സൃഷ്ടിച്ച മുകുന്ദന്റെ ആധുനികാനന്തര നോവലുകളിൽ യാഥാർഥ്യബോധത്തോടെ സ്ത്രീപുരുഷബന്ധങ്ങളെയും സ്ത്രൈണാവസ്ഥകളെയും ആവിഷ്കരിക്കുന്നു. സ്ത്രീയുടെ സാമൂഹികവും സാംസ്കാരികവും വൈയക്തികവുമായ ഇടങ്ങളെ വ്യത്യസ്തരീതിയിൽ ആവിഷ്കരിക്കാൻ മുകുന്ദൻ ശ്രമിക്കുന്നു. ചരിത്രത്തിലും സംസ്കാരത്തിലും സംഭവിച്ചിട്ടുള്ള പരിവർത്തനങ്ങളെ ഫലപ്രദമായി ഉൾക്കൊള്ളുന്നതിന്റെ ഭാഗമായി നിരന്തരപരിണാമിയായ ഭാവുകത്വം ഉൾക്കൊള്ളുന്ന ഈ നോവലിസ്റ്റിന്റെ ആധുനികാനന്തരനോവലുകളിലെ സ്ത്രീസ്വത്വാവിഷ്കാരം എങ്ങനെയെന്ന് അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽവാക്കുകൾ**

ഉത്തരാധുനികത, സ്ത്രീവാദം, പുരുഷാധികാരലോകം, കീഴാളവർഗസ്ത്രീവാദം, ലിംഗാധിപത്യം, തിരസ്കൃതസ്വത്വം

## Depiction of womanhood in the post modern novels of M. Mukundan

## Abstract

M.Mukundan is a writer who underwent continuous evolution among modern novelists. Taking a step from Modernism to Postmodernism, Mukundan tried to innovate himself by incorporating innovations in theme and expression. While Mukundan, in his modern novels completely ignored the female identity and created self-exploring protagonists, in his post-modern novels, we can see that he portrays male-female relationships and feminine conditions realistically. Here, he has taken a new approach in his treatment of women and the issues faced by women. Here, Mukundan tries to express women's social, cultural and personal spaces differently. This journal investigates the establishment of women's identity in the post-modern novels of Mukundan which includes a constantly evolving expression, as part of effectively embracing the transformations that have occurred in history and culture.

## Keywords

Postmodernism, feminism, patriarchal world, subaltern feminism, gender supremacy, downtrodden

നൗഷാദ് എസ്.

# ശബ്ദാർഥങ്ങളുടെ സ്പർധയും സഹിതത്വവും സംസ്കൃതകാവ്യസിദ്ധാന്തങ്ങളിലെ ചില സങ്കൽപ്പനങ്ങൾ


**സംഗ്രഹം**

സംസ്കൃത കാവ്യസിദ്ധാന്തങ്ങളിൽ, പ്രത്യേകിച്ച്, ധ്വനി, വക്രോക്തി, അനുമാനം എന്നിവയിൽ അർഥം എന്ന സംപ്രത്യയം എപ്രകാരമാണ് പരിചരിക്കപ്പെടുന്നത് എന്നതാണ് പ്രബന്ധവിഷയം. വ്യംഗ്യാർഥമാണ് കാവ്യാത്മാവ് എന്നതാണ് ആനന്ദവർധനനിലപാട്. മുൻകൂട്ടി ഉറപ്പിച്ച അർഥത്തെ ആരായുന്ന രീതിശാസ്ത്രമാണ് രസധ്വനിസിദ്ധാന്തത്തിലുള്ളത്. വ്യംഗ്യത്തിന്റെ നിഷേധവും അഭിധയുടെ അനന്യതയുമാണ് കുന്തകനും മഹിമഭട്ടനും യഥാക്രമം വക്രോക്തിസിദ്ധാന്തത്തിലും അനുമാനസിദ്ധാന്തത്തിലും സമർഥിക്കുന്നത്. നിലവിലുള്ള ശബ്ദാർഥങ്ങളുടെ പരസ്പരസഹിതത്വവും പരസ്പരസ്പർധയുമാണ് കാവ്യാർഥം എന്നതാണ് അഭിധാവാദികളുടെ പക്ഷം. പക്ഷേ കുന്തകന്റെയും മഹിമഭട്ടന്റെയും അഭിധാസങ്കൽപ്പം സമാനവുമല്ല. വ്യംഗ്യാർത്ഥം നൂതനാർഥമല്ലെന്ന് പറയുന്ന എസ്.കെ. ഡേയും യുക്തിയാണ് കാവ്യാർഥനിർമ്മാണസാമഗ്രി എന്നു പറയുന്ന കുട്ടികൃഷ്ണമാരാരും ഷൂബ കെ.എസ്സുമൊക്കെ അർഥപഠനത്തിന്റെ ആധുനികമായ ഇന്ത്യൻസാധ്യതകളാണ്.



**താക്കോൽവാക്കുകൾ**

ശബ്ദാർഥങ്ങൾ, അഭിധ, ലക്ഷണ, വ്യഞ്ജന, ആനന്ദവർധനൻ, കുന്തകൻ, മഹിമഭട്ടൻ, ധ്വന്യാലോകം, വക്രോക്തി-ജീവിതം, വ്യക്തിവിവേകം, രസധ്വനി, വക്രോക്തി, അനുമാനം


## 'Artha in Sanskrit Literary Theories'


## Abstract

Abstract The paper describes how the concept of meaning is treated in Sanskrit Poetics, specially, Dhvani, Vakrokti and Anumana. Anandavardhana expostulates that kaavyathmaav is suggestive meaning (vyangyartha). Rasadvani theory is the methodology of searching for a predetermined meaning. Kuntaka in Vakrokti theory and Mahimabhatta in Anumana theory assert the denial of vyanjana and the uniqueness of abhidha. Hence the coherence and conflict inherent in the existing sabda and artha results in determining the poetical meaning, according to those who stand for abhidha. But there is a theoratical difference in the concept of abhidha rendered by Kuntaka and Mahimabhatta. S.K. De who opines there is nothing new in vyanjanavritti, as well as Kuttikrishna Mararu and Shooba K.S. who posit that logic is the material for the creation of meaning, project the modern Indian possibilities in the study of meaning.



## Keywords

Sabbda and artha, abhidha, lakshana, vyanjana, Anandavardhana, Kuntaka, Mahimabatta, Dvanyaloka, vakrokti-Jivita, Vyaktiviveka, Rasadvani, Vakrokti, Anumana

ബിപിൻ ബാലചന്ദ്രൻ

# റാഡിക്കൽ ഗ്രൂപ്പ്: 'രാഷ്ട്രീയ-കലാ-കൂട്ടായ്മ'യും ആധുനിക കലാകർത്തൃത്വവും


**സംഗ്രഹം**

കലാരചയിതാവ് ഏകകർത്തൃത്വത്തിന്റെ ആധികാരികതയിൽ വിശ്വസിക്കുന്ന ആധുനിക കലയിൽ; പൂർവാധുനിക കലാപാരമ്പര്യങ്ങളിൽ കാണുന്ന, വിവിധതരം കഴിവുകളുടെ സംയോജനമെന്ന നിലയിലുള്ളതോ അല്ലെങ്കിൽ കുലത്തൊഴിൽ എന്ന നിലയിലുള്ളതോ ആയ കലാകൂട്ടായ്മകൾക്ക് പ്രസക്തിയില്ല. എന്നാൽ ആധുനിക കലാവ്യവഹാരങ്ങൾ, പ്രത്യേകിച്ച് പാശ്ചാത്യ അവാങ്-ഗാദ് കലാചരിത്രം അനേകം കലാകൂട്ടായ്മകളുടേതാണ്.

പാരമ്പര്യ നിഷേധം, ശൈലിയിലും മാധ്യമത്തിലുമുള്ള നവീനത, സമകാലിക ജീവിതാവസ്ഥകളോടുള്ള പ്രതികരണം തുടങ്ങിയ വിശേഷലക്ഷണങ്ങളാണ് ആധുനിക കലയുടെ സാധുതയ്ക്ക് ഉപോൽബലകമായിട്ടുള്ള ഘടകങ്ങൾ എന്ന ധാരണയോടുകൂടി കലാപ്രവർത്തനത്തിൽ ഏർപ്പെട്ട ആധുനിക കലാരചയിതാക്കൾക്ക് ഈ കലാകൂട്ടായ്മകൾ മിക്കപ്പോഴും തങ്ങളുടെ രചനകളുടെ പ്രാമാണ്യമുറപ്പിക്കുന്നതിനും കലയെ സംബന്ധിച്ച തങ്ങളുടെ നിർവചനങ്ങൾ അവതരിപ്പിക്കുന്നതിനുമുള്ള 'വിശ്വാസ-വ്യവസ്ഥ'കളുടെ നിർമിതിയായിരുന്നു. ആധുനിക കലാവ്യവഹാരത്തെ സ്വയം നിർണയന പദവിയുള്ള 'സൌന്ദര്യശാസ്ത്ര' മണ്ഡലമാക്കിത്തീർക്കുന്നതിൽ ഈ കലാപ്രസ്ഥാനങ്ങളും കലാകൂട്ടായ്മകളും വഹിച്ച പങ്ക് വലുതാണ്. 'വ്യക്തി' ആത്മപ്രകാശനമെന്ന നിലയിൽ ഏർപ്പെടുന്ന കലാപ്രവർത്തനത്തെ സംബന്ധിക്കുന്ന, സംഘബോധപരമായ കാഴ്ചയെക്കുറിച്ചാണ് ആധുനിക കലാകൂട്ടായ്മകൾ സംസാരിക്കാൻ ശ്രമിക്കുന്നതെന്ന വൈരുധ്യം ആധുനിക കലാപ്രസ്ഥാനങ്ങൾക്ക് മറികടക്കാൻ കഴിയാതെ വരുന്നതോ അതു മറികടക്കാനുള്ള വാഞ്ഛയോ ആണ് ആധുനിക കലാകൂട്ടായ്മകളുടെ സന്ദർഭത്തിൽ പ്രസക്തമാകുന്ന അന്വേഷണ വിഷയം. ഇതിനെ മുൻനിർത്തി റാഡിക്കൽ ഗ്രൂപ്പിന്റേത് പാശ്ചാത്യ അവാങ്-ഗാദ് പ്രസ്ഥാനങ്ങളുടെ മാതൃകതന്നെയാണെന്നും ഇന്ത്യൻ പുരോഗമന കലാപ്രസ്ഥാനങ്ങളുടെ കാൽപ്പനിക ആദർശവാദധാരയുടെ തുടർച്ചതന്നെയാണ് ഇതെന്നുമുള്ള വാദത്തെ വിശദീകരിക്കാനാണ് ഈ പഠനം ശ്രമിക്കുന്നത്.



**താക്കോൽവാക്കുകൾ**

ആധുനികതാവാദം, ആധുനിക കല, രാഷ്ട്രീയ കല, കൂട്ടായ്മ, കർത്തൃത്വം, റാഡിക്കലിസം, ദൃശ്യപ്രത്യശാസ്ത്രം


## Radical group: Political art collectives and subjectivity in Modernism


## Abstract

The conviction that individual artists' subjectivity is authentic forms a foundational principle of Modern Art. This principle fundamentally opposes the pre-modern idea of art as a collective endeavor, which envisioned the creative process as a vocation of a particular cast or an ensemble of people with varying skill levels. In the context of modern art, this notion of collective creativity has become irrelevant, as the emphasis has shifted towards the unique expressions of individual artists.But, the historical record of Western avant-garde art belies the notion that art is solely an individualistic pursuit.In fact, the movement has been characterized by a diverse range of collectives which are conceived by modern artists as belief systems, wherein new definitions for art and a continually expanding repertoire of experimental techniques are legitimized.These collectives have served as a platform for modern artists to develop and express their creative ideas within a

supportive community, helping to shape the trajectory of avant-garde art.The collectives and movements within the realm of modern art have been successful in transforming the field of art into an autonomous domain of aesthetics. The crucial issue to be analyzed in the context of modern art collectives or movements is the contradiction that arises from their focus on collective viewership of artwork that is believed to be the product of individual self-expression. This contradiction raises fundamental questions about the ability of a radical art movement to maintain its authenticity and relevance in a broader social and political context, outside the realm of the art world.Building upon these argumentsthis paper asserts that the actions of the Indian Radical Painters and Sculptors Association were influenced by Western avant-garde art movements and represented a continuation of theromantic and idealisticendeavors of Indian progressive groups during their era.

**Keywords**

modernism, modern art, political art, collective, subjectivity, radicalism, visual ideology

അനൂപ് കെ.ആർ.

# ഫിലിം സൊസൈറ്റി പ്രസ്ഥാനം കേരളത്തിൽ: ചരിത്രവും രാഷ്ട്രീയവും

**സംഗ്രഹം**

കേരളത്തിൽ ആരോഗ്യകരമായ ചലച്ചിത്രസംസ്കാരം സൃഷ്ടിക്കുന്നതിൽ ഫിലിം സൊസൈറ്റികൾ പ്രഥമവും പ്രധാനവുമായ പങ്കുവഹിച്ചു. കലാമൂല്യമുള്ള ചലച്ചിത്രങ്ങളുടെ പ്രദർശനത്തിനുപുറമേ അവയുടെ നിർമാണം, വിതരണം എന്നീ മേഖലകളിലേക്കും പ്രവർത്തനം വ്യാപിപ്പിച്ച സൊസൈറ്റികൾ ബദൽ ചലച്ചിത്ര സംസ്കാരം രൂപപ്പെടുത്തി. ഫിലിം സൊസൈറ്റി പ്രസ്ഥാനം ജനപ്രിയതയുടെ പരമ്പരാഗത ഘടകങ്ങളെ ഒരു പരിധിവരെ തിരസ്കരിക്കാൻ തയ്യാറായ ജനകീയ ചലച്ചിത്രങ്ങൾക്ക് സ്വീകാര്യതയുണ്ടാക്കി. കേരളീയരിൽ ദൃശ്യലാവണ്യ-രാഷ്ട്രീയ ബോധം രൂപപ്പെടുത്തുതിൽ ഫിലിം സൊസൈറ്റി പ്രസ്ഥാനം വഹിച്ച പങ്ക് മുൻനിർത്തിയാണ് ഈ പ്രബന്ധം തയ്യാറാക്കിയിരിക്കുന്നത്.

**താക്കോൽ വാക്കുകൾ**

ദൃശ്യലാവണ്യം, ജനകീയ കല, രാഷ്ട്രീയ സിനിമ

**Film Societies in Kerala: History and Politics**

**Abstract**

The film societies have played a pivotal role in cultivating public space for film culture in Kerala. They have produced, distributed and exhibited art house films by rejecting the formula of popular cinema. This article is an attempt to locate the visual aesthetics and politics generated by the film societies in Kerala.

**Keywords**

Visual Aesthetics, Public art, Political cinema

**Minu Elizabeth George**

# Globalizing Local Space and Knowledge: A Study on *Hortus Malabaricus*

**Abstract**

*Hortus Malabaricus* is a 17th-century medico-botanical treatise on the medicinal properties of the flora of the Malabar coast.Compiled by Hendrik van Rheede, the Governor of Dutch Malabar from 1669 to 1676 with the assistance of native informants who disclosed the traditional Ayurvedic properties of the plants of Malabar, this text was the first of its kind in representing local or indigenous knowledge in a global framework. The present paper studies the numerous ways in which this representation is evident in *Hortus Malabaricus*.

**Keywords**

Hortus Malabaricus, Van Rheede, local space, globalization